**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 56** **22-07-2021 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ. മാരുടെ പ്രത്യേക വികസന ഫണ്ട്-ആസ്തി വികസന ഫണ്ട് പ്രൊപ്പോസലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ (2020-21) അവസാനപാദം വിവിധ തെരെഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ മാതൃകാ പെരുമാറ്റച്ചട്ടംമൂലവും തുടർന്ന് സാമ്പത്തിക വർഷം അവസാനിച്ചതു മൂലവും എം. എൽ. എ. മാരുടെ പ്രത്യേക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നൽകിയിരുന്ന പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകാൻ കഴിയാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം പ്രവൃത്തികൾക്ക് ഇനി ഭരണാനുമതി നൽകണമെങ്കിൽ സർക്കാരിന്റെ പ്രത്യേകാനുമതി കൂടിയെ കഴിയൂ എന്നതിനാൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പ്രത്യേക വികസന നിധിയിൻ കീഴിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് 12/12/2018 തീയതിയിലെ സ. ഉ. (സാധാ) നം.194/2018/ധന പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു നിയോജക മണ്ഡലത്തിന് അനുവദിയ്ക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ പുറപ്പെടുവിക്കാവുന്നതാണ്. എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 വർഷത്തെ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള സമയപരിധി 14.07.2021 തീയതിയിലെ സ.ഉ.(സാധാ.)നം.4957/2021/ധന പ്രകാരം 31/12/2021 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവായിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി - BAMS വഴി തുക അനുവദിക്കുന്നത്, രണ്ട് വർഷത്തിനുള്ളിൽ ഭരണാനുമതി അനുവദിക്കുന്നതും പ്രവൃത്തിയുടെ നടപടി ക്രമങ്ങൾ ആരംഭിക്കുന്നത് തുടങ്ങിയവ സംബന്ധിച്ച് നിലവിലെ മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.194/2018/ധന.** **തിരുവനന്തപുരം, തീയതി 12/12/2018.**

---

**പരാമർശം : 1) 29/12/2017- ലെ സ.ഉ.(അച്ചടി) നം. 161/2017/ധന. ഉത്തരവ്.**
**2) 11/06/2018 ലെ ജി.ഒ(പി)നം.88/2018/ധന ഉത്തരവ്.**

# ഉത്തരവ്

എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 4.2 പ്രകാരം പ്രത്യേക വികസന നിധി ഇനത്തിൽ ഓരോ നിയോജകമണ്ഡലത്തിനും അനുവദിച്ചിരിക്കുന്ന തുക 3 തവണകളായി ജില്ലാ കളക്ടർക്ക് അനുവദിച്ച് നൽകുന്നതും ആയത് അതിനായുള്ള പലിശരഹിത പ്രത്യേക ടി.എസ്.ബി അക്കൗണ്ടിൽ മാറ്റി നിക്ഷേപിക്കേണ്ടതും അത്തരത്തിൽ മാറ്റപ്പെടുന്ന തുക എം.എൽ.എ മാർ ശിപാർശ സമർപ്പിച്ചില്ലെങ്കിൽ പോലും നഷ്ടമാകുന്നതല്ല എന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ ഈ തുക വർഷങ്ങളായി ടി.എസ്.ബി അക്കൗണ്ടിൽ അനാവശ്യമായി സൂക്ഷിച്ചിരിക്കുന്നതായി അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ട് ചെയ്തിരുന്നു. പരാമർശം (2) ലെ ഉത്തരവ് പ്രകാരം ഇനിമുതൽ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുള്ള പ്ലാൻ ഫണ്ട് ടി.എസ്.ബി അക്കൗണ്ടിലേയ്ക്ക് മാറ്റിയിടുവാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൂടാതെ സമയബന്ധിതമായി ശിപാർശകൾ സമർപ്പിക്കാത്തതിനാലും ഭരണാനുമതി പുറപ്പെടുവിക്കാത്തതിനാലും പ്രത്യേക വികസന നിധിയിൻ കീഴിലെ പദ്ധതി നടത്തിപ്പിൽ വളരെ കാലതാമസം നേരിടുന്നതായി പല പരാതികളും ലഭിച്ചിരുന്നു. ഈ സാഹചര്യത്തിൽ പ്രത്യേക വികസന നിധിയിൻ കീഴിലെ പ്രവൃത്തികൾ സംബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 2018-19 സാമ്പത്തിക വർഷം മുതൽ '4250-00-800-99-എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി (പ്ലാൻ)' എന്ന ശീർഷകത്തിൽ നിന്നും തവണകളായി അനുവദിക്കുന്ന തുക മുഴുവനായി പിൻവലിച്ച് കളക്ടറുടെ ടി.എസ്.ബി അക്കൗണ്ടിലേയ്ക്ക് മാറ്റിയിടുവാൻ പാടില്ലെന്നും BAMS വഴി കളക്ടേറ്റുകളിലെ സബ് കൺട്രോളിംഗ് ഓഫീസർക്ക് (SCO) അനുവദിക്കുന്ന തുക ബില്ലുകൾക്കനുസൃതമായി അതത് ഡി.ഡി.ഒ യ്ക്ക് (DDO) അനുവദിച്ച് നൽകേണ്ടതും ബാക്കി നിൽക്കുന്ന തുക വർഷാന്ത്യത്തിൽ സറണ്ടർ ചെയ്യേണ്ടതുമാണ്.

2. ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിന് അനുവദിക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ പുറപ്പെടുവിക്കേണ്ടതാണ്.

3. ഭരണാനുമതി പുറപ്പെടുവിക്കുന്ന പ്രവൃത്തികളുടെ നടപടിക്രമങ്ങൾ ഭരണാനുമതി പുറപ്പെടുവിച്ച തീയതി മുതൽ 2 വർഷത്തിനുള്ളിൽ ആരംഭിച്ചിട്ടില്ലെങ്കിൽ അവയ്ക്കായി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. ധനകാര്യ വകുപ്പിന്റെ പ്രത്യേകാനുമതിയിലൂടെയായിരിക്കും ഇത്തരത്തിലുള്ള പുതുക്കിയ ഭരണാനുമതി നൽകുക.

എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയിലെ ബന്ധപ്പെട്ട ഖണ്ഡികകൾ ഇതിനാൽ പരിഷ്കരിച്ച് ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.എസ്. ഉഷ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. എല്ലാ നിയമസഭാ സാമാജികർക്കും
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ)കേരള, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
5. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
6. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
7. ബഹു. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
8. ബഹു. പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
9. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും
10. എല്ലാ ജില്ലാ കളക്ടർമാർക്കും
11. ട്രഷറി വകുപ്പ് ഡയറക്ടർ
12. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
13. വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
14. നോഡൽ ഓഫീസർ, www.finance.kerala.gov.in
15. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [No. NC-B1/136/2018-FIN]

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

"ഭരണഭാഷ - മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

**ധനകാര്യവകുപ്പ് - നിയോജകമണ്ഡല ആസ്തിവികസനപദ്ധതി (LAC ADS) 2020-21 - പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(സാധാ.) നം.4957/2021/ധന.** **തിരുവനന്തപുരം, തീയതി 14.07.2021**

---

**പരാമർശം :** സ.ഉ(അച്ചടി) നം.119/2018/ധന തീയതി 04/08/2018

**ഉത്തരവ്**

നിയോജകമണ്ഡല ആസ്തിവികസനപദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സൂചനയിലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൻ കീഴിൽ 2020-21 സാമ്പത്തിക വർഷത്തിൽ സമർപ്പിയ്ക്കപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്ക് 31/03/2021-ന് മുൻപായി ഭരണാനുമതി നൽകേണ്ടിയിരുന്നു. എന്നാൽ, തദ്ദേശ സ്വയം ഭരണ തിരഞ്ഞെടുപ്പിന്റെ ഭാഗമായും നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായും പെരുമാറ്റചട്ടം നിലവിലുണ്ടായിരുന്നതിനാൽ ടി കാലയളവിൽ ഭരണാനുമതി നൽകുന്നതിനു സാധിക്കാതിരുന്ന പശ്ചാത്തലത്തിൽ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകണമെന്ന് ബഹു. എം.എൽ.എ മാർ ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ LAC ADS 2020-21 **സാമ്പത്തിക വർഷത്തിൽ ബഹുമാനപ്പെട്ട മുൻ എം.എൽ.എ മാർ ശുപാർശ ചെയ്തിരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി 31/12/2021 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.**

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.എസ്.ഉഷ**
**അഡിഷണൽ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. എല്ലാ എം.എൽ.എ. മാർക്കും.
2. എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്-II)കേരള, തിരുവനന്തപുരം.

5. എല്ലാ വകുപ്പ് തലവൻമാർക്കും.

6. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

7. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

8. ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

9. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

10. ധനകാര്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

11. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

12. എല്ലാ വകുപ്പ് സെക്രട്ടറിമാർക്ക്.

13. എല്ലാ ജില്ലാ കളക്ടർമാർക്കും.

14. ട്രഷറി ഡയറക്ടർക്ക്.

15. നോഡൽ ഓഫീസർ, www.finance.kerala.gov.in.

16. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. [E-427673]

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**